ഹൈമാസ്റ്റ് സ്ഥാപിക്കുന്നതിൽ രാഷ്ട്രീയം ; ഉപവാസ സമരം നടത്തി പഞ്ചായത്തംഗങ്ങൾ

ചാലക്കുടി: കൊരട്ടി ഗ്രാമപഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിൽ ഭരണസമിതി രാഷ്ട്രീയം കളിക്കുകയാണെന്ന് ആരോപിച്ചു പഞ്ചായത്തിലെ പ്രതിപക്ഷ കോൺഗ്രസ് അംഗങ്ങൾ ഉപവാസ സമരം നടത്തി. ജില്ലാ പഞ്ചായത്തംഗം ലീല സുബ്രഹ്മണ്യൻ ഉദ്ഘാടനം ചെയ്തു. രാഷ്ട്രീയമായിട്ടുള്ള വിയോജിപ്പ് മൂലം കൊരട്ടി ലത്തീൻ പള്ളിക്ക് എംപി, എംഎൽഎ ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ നിയമപ്രകാരമുള്ള നടപടി ക്രമങ്ങൾ പഞ്ചായത്തു ഭരണസമിതി തടഞ്ഞിരിക്കുകയാണെന്നും കോൺഗ്രസ് ആരോപിച്ചു. പഞ്ചായത്തംഗങ്ങളായ ബിജോയ് പെരേപ്പാടൻ, വർഗീസ് തച്ചുപറമ്പൻ, വർഗീസ് പയ്യപ്പിള്ളി, ചാക്കപ്പൻ പോൾ വെളിയയത്ത്, ഗ്രേസിസ് സ്കറിയ, പോൾസി ജിയോ പങ്കെടുത്തു. കോൺഗ്രസ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഫിൻസോ തങ്കച്ചൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് വൈസ് പ്രസിഡന്റ് മനേഷ് സെബാസ്റ്റ്യൻ, ഡേവീസ്, എം.എ. രാമകൃഷ്ണൻ, ജോഷി വല്ലൂരാൻ, സിബി തെക്കിനിയൻ, പി. കെ. വർഗീസ്, ആൽജോ, മേഴ്സി സെബാസ്റ്റ്യൻ, കെ.എ. ദേവസ്സി, ഒ.ജെ. ഫ്രാൻസിസ്, ജോബി മാനുവൽ പ്രസംഗിച്ചു. ഉപവാസം അനുഷ്ഠിച്ച പഞ്ചായത്തംഗങ്ങൾക്കു നാരങ്ങനീരു നൽകി കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് വി.ഒ. പൈലപ്പൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു..

ലയൺസ് ക്യാംപസ് ക്ലബ് ഉദ്ഘാടനം

ഇരിങ്ങാലക്കുട : ലയൺസ് ക്ലബ് ഓഫ് ഇരിങ്ങാലക്കുട സ്പോൺസർ ചെയ്യുന്ന ലയൺസ് ക്ലബ് ഓഫ് ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളെജ് ഓട്ടോണമസ് എന്ന പുതിയ ക്യാംപസ് ക്ലബ് ഉദ്ഘാടനം 23ന് നടക്കും. ഉച്ചയ്ക്ക് ഒന്നിന് ക്രൈസ്റ്റ് കോളെജിലെ ഫാ.ജോസ് തെക്കൻ സെമിനാർ ഹാളിൽ ലയൺസ് ക്ലബ് ഡിസ്ട്രിക്ട് ഗവർണർ ജെയിംസ് വളപ്പില ക്ലബ്ബിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. ലയൺസ് വൈസ് ഡിസ്ട്രിക്ട് ഗവർണർമാരായ ടി.ജയകൃഷ്ണൻ, സുരേഷ് കെ വാര്യർ എന്നിവർ ഇൻസ്റ്റലേഷൻ ചടങ്ങു നിർവ്വഹിക്കും. രക്തദാനം സുഗമമാക്കുന്നതിന്റെ ഭാഗമായി ആരംഭിക്കുന്ന ക്യാംപസ് ക്ലബിന്റെ പുതിയ സർവീസ് പ്രൊജക്റ്റായ ബ്ലഡ് സ്ക്വാഡ് എന്ന വെബ്സൈറ്റിന്റെ ഉദ്ഘാടനവും നടക്കും. അവസാന വർഷ ബിരുദ വിദ്യാർഥികളായ മാത്യു അബ്രഹാം ക്ലബ് പ്രസിഡന്റായും എം.വി അവിനാഷ് സെക്രട്ടറിയായും ആൻമരിയ ഫ്രാൻസീസ് ട്രഷററായും ചുമതല യേൽക്കും.

ക്രൈസ്റ്റ് കോളെജ് പ്രിൻസിപ്പൽ ഫാ.ഡോ.ജോളി ആൻഡ്രൂസ്, മാനേജർ ജോയ് പീണിക്കപ്പറമ്പിൽ, ലയൺസ് ക്ലബ് പ്രസിഡന്റ് ബിജു ജോസ് കൂനൻ, മുൻ ഡിസ്ട്രിക്ട് ഗവർണ്ണർ തോമച്ചൻ വെള്ളാനിക്കാരൻ, കോർഡിനേറ്റർമാരായ മുവീഷ് മുരളി, വി.പി ഷിന്റോ, റീജ ജോൺ, ഡിജോ ഡാമിയൻ, നിയുക്ത ക്ലബ് പ്രസിഡന്റ് മാത്യു അബ്രഹാം, ലയൺ ലേഡി പ്രസിഡന്റ് ഡോ.ശ്രുതി ബിജു വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

ഇരിങ്ങാലക്കുട ക്രൈസ്റ്റ് എൻജിനീയറിങ് കോളെജിന്റെ സ്പേസ് ഫെസ്റ്റിനു ലഭിച്ച ഐഎസ്ആർഒ പുരസ്കാരം കേന്ദ്ര മന്ത്രി സുരേഷ് ഗോപിയിൽ നിന്ന് അധികൃതർ ഏറ്റുവാങ്ങുന്നു..

ക്രൈസ്റ്റ് എൻജിനീയറിങ് കോളെജിന് ഐഎസ്ആർഒ പുരസ്കാരം

ഇരിങ്ങാലക്കുട : ക്രൈസ്റ്റ് എൻജിനീയറിങ് കോളെജ് ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ വിഭാഗം സംഘടിപ്പിച്ച സ്പേസ് ഫെസ്റ്റിവൽ -ഭൂമിക 2024ന് ഐഎസ്ആർഒയുടെ അംഗീകാരം. കേരളം, ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിച്ച സ്പേസ് ദിനാഘോഷ പരിപാടികളിൽ എൻജിനീയറിങ് കോളെജ് വിഭാഗത്തിലെ മൂന്നാം സ്ഥാനമാണു ക്രൈസ്റ്റിലെ സ്പേസ് ഫെസ്റ്റിനു ലഭിച്ചത്.

ബഹിരാകാശ ഗവേഷണത്തിൽ വിദ്യാർഥികളുടെ താൽപര്യം വർധിപ്പിക്കുക, ദേശീയ നേട്ടങ്ങളിൽ അഭിമാനം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് സ്പേസ് ഫെസ്റ്റ് സംഘടിപ്പിച്ചത്.

ഫെസ്റ്റിന്റെ ഭാഗമായി മൂന്നു പ്രഭാഷണങ്ങൾ, ബഹിരാകാശ ചിത്ര പ്രദർശനം, സ്പേസ് മ്യൂസിയം വിസിറ്റ്, സ്കൂൾ ഔട്ട് റീച്ച് പ്രോഗ്രാം, വിവിധ മത്സരങ്ങൾ എന്നിവയുൾപ്പെടെ പതിനെട്ടോളം പരിപാടികൾ ഒരുക്കിയിരുന്നു. അധ്യാപകരായ പി.എം സ്വാതി, ടോണി സി തോമസ് എന്നിവരായിരുന്നു പരിപാടിയുടെ ഫാക്കൽറ്റി അഡ്വൈസർമാർ.

തിരുവനന്തപുരം വിക്രം സാരാഭായി സ്പേസ് സെന്ററിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപിയിൽ നിന്ന് അസി.പ്രൊഫ.പി.എം സ്വാതി, സ്റ്റുഡന്റ് കോർഡിനേറ്റർമാരായ ജോവിൻ ജോസഫ്, മേഘ സുരേഷ് എന്നിവർ ചേർന്നു പുരസ്കാരം ഏറ്റുവാങ്ങി. വിഎസ്എസ് സി ഡയറക്ടർ ഡോ.എസ് ഉണ്ണികൃഷ്ണൻ നായർ, അസോസിയേറ്റ് ഡയറക്ടർ ഡോ.വി.അശോക്, ഡെപ്യൂട്ടി ഡയറക്ടർ എൻ.വിനോദ് കുമാർ പങ്കെടുത്തു.

മസാജിങ് സെന്ററിന്റെ മറവിൽ പെൺവാണിഭം; നാലുപേർ അറസ്റ്റിൽ

കുന്നംകുളം: സബ്ബ് ട്രഷറിക്ക് സമീപത്തെ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ മസാജിങ് സെന്ററിന്റെ മറവിൽ പെൺവാണിഭം നടത്തിയ നാലു പേരെ കുന്നംകുളം പൊലിസ് പിടികൂടി. സ്ഥാപനത്തിന്റെ നടത്തിപ്പുകാരായ അബുസലിത്ത്, വിഷ്ണു, കസ്റ്റമറായി വന്ന റിയാസ് മുഹമ്മദ്, മിനീഷ് എന്നിവരാണ് അറസ്റ്റിലായത്. ജില്ലാ പൊലിസ് മേധാവി ആർ.ഇളങ്കോക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റ്. ഗുരുവായൂർ എസിപി ടി.എസ് സിനോജ് കുന്നംകുളം സ്റ്റേഷൻ ഹൗസ് ഓഫീസർ യു.കെ ഷാജഹാൻ എന്നിവരുടെ നേതൃത്വത്തിൽ മണിക്കൂറുകൾ നീണ്ട പരിശോധനക്കൊടുവിലാണു രണ്ടു ജീവനക്കാരെയും രണ്ടു കസ്റ്റമേഴ്സിനെയും പിടികൂടിയത്. കണ്ണൂർ സ്വദേശിയുടെ ഉടമസ്ഥതയിലുള്ളതാണു മസാജിങ് സെന്റർ.

അവധികൾ നിരവധി കഴിഞ്ഞു ചിറങ്ങര മേൽപ്പാലം നിർമാണം പൂർത്തിയായില്ല

പ്രതിഷേധവുമായി എംഎൽഎയും ജനപ്രതിനിധികളും

ചാലക്കുടി: ചിറങ്ങര റെയ്ൽവേ മേൽപ്പാലം നിർമാണം അനന്തമായി നീളുന്നു. അവധികൾ പലതും കഴിഞ്ഞിട്ടും മേൽപ്പാലത്തിന്റെ നിർമാണങ്ങൾ പൂർത്തിയാക്കാത്തത്തിൽ പ്രതിഷേധവുമായി എംഎൽഎയും ജനപ്രതിനിധികളും രംഗത്ത്. പല അവധി കഴിഞ്ഞിട്ടും ചിറങ്ങര മേൽപ്പാല നിർമാണം അനിശ്ചിതമായി നീളുന്നതിലാണു പ്രതിഷേധം ശക്തമാവുന്നത്. പൊതുമരാമത്ത് വകുപ്പ് മന്ത്രി പുതുവത്സര സമാനമായി പാലം തുറന്നു കൊടുക്കുമെന്നാണ് പറഞ്ഞിരുന്നത്. 2021ൽ ഒമ്പതു മാസം കൊണ്ടു നിർമാണം പൂർത്തിയാക്കി പാലം തുറന്നു കൊടുക്കുമെന്ന് ആദ്യം പറഞ്ഞിരുന്നു. ട്രാക്കിനു മുകളിലെ പ്രധാന ഭാഗം റെയ്ൽവേ നേരിട്ടും ശേഷിച്ച ഇരുഭാഗം ആർബിഡിസിയുമാണ് നിർമാണം നടത്തേണ്ടത്. ആർബിഡിസിയുടെ ചുമതലയിലുള്ള ഇരുഭാഗത്തേയും നിർമാണം പൂർത്തിയാക്കി എതാണ്ട് ഒരു വർഷത്തേ കാത്തിരിപ്പിനൊടുവിൽ റെയ്ൽവേ പ്രധാന ഭാഗത്തേ കോൺക്രീറ്റ് നടത്തിയിരുന്നു. അതേ സമയം ഇരുഭാഗങ്ങളേയും ബന്ധിപ്പിക്കുന്ന ഭാഗവും കൈവരികൾ ഇനി പൂർത്തിയാക്കേണ്ടേ മേൽപ്പാലത്തെ ബന്ധിപ്പിക്കുന്ന ഭാഗത്തെ ചെറിയൊരു ഭാഗവും മാത്രമേ ഇനി പൂർത്തിയാക്കാനുള്ളൂ. ഇതിനു ശേഷമാണു ടാറിങ് അടക്കമുള്ള ജോലികൾ പൂർത്തിയാക്കേണ്ടത്. 2018ന് മുൻപാണു മേൽപ്പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്നാണു സൂചന. നിലവിലെ എസ്റ്റിമേറ്റ് പുതുക്കി നൽകണമെന്ന ആവശ്യവും അധികൃതരോട് ആവശ്യപ്പെട്ടതായി പറയുന്നു. നിർമാണം പല കാരണങ്ങൾ കൊണ്ടും നീണ്ടുപോയതോടെ മൂന്നിരട്ടി അധിക ചിലവാണു മറ്റൊരു സാമ്പത്തിക പ്രതിസന്ധിയ്ക്ക് കാരണമായി. നിർമാണ ജോലികൾ ഏറ്റെടുത്തിരിക്കുന്ന സബ് കരാറുകാർക്കു ഫണ്ട് ലഭിക്കാത്തതാണു നിർമാണം നീണ്ടു പോകാൻ കാരണമെന്നു പറയുന്നു. മേൽപ്പാലത്തിന്റെ നിർമാണ പുരോഗതികൾ വിലയിരുത്താൻ സനീഷ് കുമാർ ജോസഫ് സ്ഥലം സന്ദർശിച്ചു. തുടർന്നു നിർമാണ അധികൃതരുമായി എംഎൽഎ ചർച്ച നടത്തി. ഒക്ടോബർ ആദ്യവാരത്തിൽ കൊരട്ടി പള്ളിയിലെ തിരുനാളിന് മുൻപായി നിർമാണം പൂർത്തിയാക്കാമെന്ന് അധികൃതർ പറഞ്ഞതായി എംഎൽഎ അറിയിച്ചു. എംഎൽഎയ്ക്ക് പുറമേ പഞ്ചായത്ത് പ്രസിഡന്റ് പി.സി.ബിജു, ജില്ലാ പഞ്ചായത്തംഗം ലീല സുബ്രഹ്മണ്യൻ, ജനപ്രതിനിധികളായ ഗ്രേസി സ്കറിയ,വർഗീസ് പയ്യപ്പിള്ളി, പോൾസി ജിയോ, മർച്ചന്റ്സ് അസോസിയേഷൻ ഭാരവാഹികളായ വർഗീസ് പൈനാടത്ത്, എം.ഡി.പോളി അടക്കം നിരവധി പേർ സ്ഥലത്തെത്തിയിരുന്നു. ജോലിക്കാരുടെ എണ്ണം വർധിപ്പിച്ച് നിർമാണ ജോലികൾ കൃത്യമായി പൂർത്തിയാക്കണമെന്ന് ഉദ്യോഗസ്ഥർക്ക് എംഎൽഎ നിർദ്ദേശം നൽകി. മേൽപ്പാല നിർമാണം അനിശ്ചിതമായി നീണ്ടു പോയാൽ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കേണ്ടി വരുമെന്നു ജനപ്രതിനിധികൾ പറഞ്ഞു.പഴയ ദേശീയപാതയിലെ കൊരട്ടിയിലെ മേൽപ്പാലം പൂർത്തിയാക്കാനെടുത്തത് 13 വർഷമാണ്. അത്തരത്തിൽ ചിറങ്ങര മേൽപ്പാലത്തിന്റെ നിർമാണം നീണ്ടു പോകാൻ അനുവദിക്കരുതെന്നാണു നാട്ടുകാരുടെ ആവശ്യം. കൊരട്ടിയിൽ മേൽപ്പാലത്തിന്റെ നിർമാണ ജോലികൾ ആരംഭിച്ചതിനാൽ അവിടുത്തെ ഗതാഗത കുരുക്കിനു പരിഹാരം കാണാൻ ചിറങ്ങര റെയ്ൽവേ മേൽപ്പാലം നിർമാണം പൂർത്തിയാക്കിയാൽ സാധിക്കും. മേൽപ്പാലത്തിന്റെ ദേശീയപാതയിലെ പ്രവേശനവുമായി ബന്ധപ്പെട്ട തീരുമാനം ദേശീയപ്പാത അധികൃതർ സ്വീകരിച്ചാൽ മാത്രമേ ചിറങ്ങര മേൽപ്പാലം പൂർണമായി യാഥാർത്ഥ്യമാവുകയുള്ളൂ.

ചിറങ്ങര റെയ്ൽവേ മേൽപ്പാലം നിർമാണ പ്രവർത്തനങ്ങൾ സനീഷ്കുമാർ ജോസഫ് എംഎൽഎ വിലയിരുത്തുന്നു.

ഗുരുവായൂർ നഗരം ഗതാഗതക്കുരുക്കിൽ : മണിക്കൂറുകൾ വലഞ്ഞ് യാത്രക്കാർ

ഗുരുവായൂർ : ഗുരുവായൂരിൽ ഇന്നലെയുണ്ടായ ഗതാഗതക്കുരുക്ക് നഗരത്തെ മണിക്കൂറുകളോളം നിശ്ചലമാക്കി. ചിങ്ങം പിറന്നതോടെ വിവാഹങ്ങളുടെ എണ്ണം വർധിച്ചതും വലിയ വാഹനങ്ങൾ ഉൾപ്പെടെ ഇന്നർ - ഔട്ടർ റോഡുകളിൽ പാർക്കു ചെയ്തു പോകുന്നതും ഗതാഗതകുരുക്കിനു കാരണമായി. തിരക്കു കൂടുതലുള്ള ദിവസങ്ങളിൽ ശാസ്ത്രീയമായി ഗതാഗതം നിയന്ത്രിക്കാനാവശ്യമായ മുന്നൊരുക്കങ്ങൾ ഉണ്ടാകുന്നില്ല. ടെമ്പിൾ സ്റ്റേഷനിൽ ആവശ്യത്തിനു പൊലീസിനെ നിയോഗിക്കുന്നില്ലെന്ന പരാതിയുണ്ട്. താല്കാലികമായി നിയമിച്ച സ്പെഷ്യൽ പൊലീസിന്റെ സേവനം മാത്രമാണു ഗതാഗത നിയന്ത്രണത്തിൽ നിലവിലുള്ളത്. മതിയായ പാർക്കിംഗ് സൗകര്യങ്ങളില്ലാതെ വിവാഹങ്ങൾ ബുക്കു ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരേ നഗരസഭ നടപടിയെടുക്കുന്നില്ല. പുതിയ ബസ് സ്റ്റാന്റ് നിർമാണം ആരംഭിച്ചതോടെ തുടങ്ങിയ ഗതാഗത പരിഷ്ക്കരണം പൂർണ് പരാജയമാണെന്ന് കച്ചവടക്കാരും നാട്ടുകാരും പറയുന്നു. തിരക്ക് വർധിച്ചിട്ടും ക്ഷേത്രനടയിലെ അനധികൃത ഓട്ടോ പാർക്ക് പൊലീസ് കണ്ടില്ലെന്നു നടിക്കുകയാണ്. നൂറുക്കണക്കിന് ഓട്ടോകളാണു ദേവസ്വം റോഡിന്റെ ഇരുഭാഗത്തും പാർക്കു ചെയ്യുന്നത്. കഴിഞ്ഞ നഗരസഭ കൗൺസിൽ യോഗത്തിൽ നഗരത്തിലെ ഗതാഗതക്കുരുക്കിനെ സംബന്ധിച്ച് അംഗങ്ങൾ ഗൗരവമായി ചർച്ച ചെയ്തെങ്കിലും യാതൊരു നടപടിയുമുണ്ടായില്ലെന്നു നഗരസഭ പ്രതിപക്ഷ നേതാവ് കെ. പി. ഉദയൻ ആരോപിച്ചു.

ഗുരുവായൂരിൽ ഇന്നലെ അനുഭവപ്പെട്ട ഗതാഗതക്കുരുക്ക്.

കെ.എഫ്.എം ആദരം - 2024

കൊടുങ്ങല്ലൂർ: കൊടുങ്ങല്ലൂർ ഫ്രൻസ് മീറ്റ് (കെ.എഫ്.എം.) സംഘടിപ്പിച്ച ആദരം- 2024 ചിന്തകനും പ്രഭാഷകനുമായ എൻ.എം.ഹുസൈൻ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം കമ്മിറ്റി ചെയർമാൻ നെജു അയ്യാരിൽ അധ്യക്ഷത വഹിച്ചു. കെ.എഫ്.എം. അംഗങ്ങളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ അവാർഡു വിതരണം ചെയ്തു. കലാ-സാഹിത്യ ജീവകാരുണ്യ മേഖലയിലെ സമഗ്ര സംഭാവനക്കു കെ.എം.എഫ്. സാഹിത്യ പ്രതിഭാ പുരസ്കാരം അധ്യാപിക ഹവ്വക്ക് നൽകി.12-ാം വയസിൽ പരിശുദ്ധ ഖുർആൻ മന:പാഠമാക്കിയ കൊടുങ്ങല്ലൂർ സ്വദേശി ആരിസ് നിഹാലിനേയും ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ എഴുതിയ നിറം എന്ന കവിത ഇപ്പോൾ അഞ്ചാം ക്ലാസ് മലയാള പാഠപുസ്തകത്തിൽ പാഠഭാഗമായി ചേർത്തിട്ടുള്ള എറിയാട് സ്വദേശി അമൽ ദേവിനേയും ആദരിച്ചു.

സബ് കലക്റ്ററായി അഖിൽ വി മേനോൻ

ഇരിങ്ങാലക്കുട : തൃശൂർ സബ് കലക്റ്ററായി ഇരിങ്ങാലക്കുട സ്വദേശി അഖിൽ വി മേനോനെ നിയമിച്ചു. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവു പുറത്തിറങ്ങി.

അഖിൽ വി മേനോൻ 2022 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥനാണ്.തിരുവനന്തപുരം അസി. കലക്റ്ററായിരുന്നു.

pnb Housing Finance Limited Ghar Ki Baat

അനുബന്ധം-IV-എ- ഇ-ലേലം-പബ്ലിക് സെയിൽ നോട്ടീസ് ,സ്ഥാവര സ്വത്തുക്കളുടെ

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസിലെ വെഹിബിലിറ്റി വാൾ 8(6) ചേർത്തുവായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്

രജിസ്റ്റർ ചെയ്ത ഓഫീസ്: 9-ാം നില, അന്ത്രിക്ഷ് ഭവൻ, 22, കെ.ജി. മാർഗ്, ന്യൂഡൽഹി-110 001 Ph.: 011-23357171, 23357172, 23705414, വെബ്സൈറ്റ്: www.pnbhousing.com,
തൃശൂർ ശാഖ : പിഎൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് , അമ്പിളിക്കള 1വർ, 12/155/126 , രണ്ടാം നില , സ്വരാജ് അങ്കണം കോവിൽ സിറ്റി , കോതപ്പറമ്പ് ഓവർബ്രിഡ്ജിന് സമീപം , തൃശൂർ-680004
കൊച്ചി ശാഖ: PNB ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഒന്നാം നില, R P ആർക്കേഡ്, ഗോൾഡ് സൂക്ക് ഓളിന് സമീപം , റെയിൽവേ മേൽപാലത്തിന് സമീപം, പൊന്നുരുന്നി , വൈറ്റില, കൊച്ചി - 682019

ചുവടെ പറയുന്ന കടമക്കാരുടെയും/സഹകടമക്കാരുടെയും/ഗ്യാരന്റർമാരുടെയും ശ്രദ്ധയ്ക്ക്: പിഎൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് (പിഎൻബി എച്ച് എഫ് എൽ) / സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002 പ്രകാരം സ്വന്തം കൈവശമുള്ള താഴെ പറയുന്ന സ്വത്തുക്കൾ പിഎൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡിന് സെക്യൂരിറ്റി ഈടായി പണയപ്പെടുത്തിയിട്ടുള്ളതായി അറിയിക്കുന്നു. 2002-ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾ 8(6) പ്രകാരം താഴെ വിവരിക്കുന്ന സ്വത്തുക്കൾ വിൽക്കുന്നതിനുള്ള ലേലം നടത്തുന്നതാണ്. ലേലത്തുക മുഴുവനായോ അതിലധികമായോ ലഭിക്കുന്നതുവരെ ലേലം നിർത്തിവയ്ക്കുന്നതാണ്. ലേലത്തുക മുഴുവനായോ അതിലധികമായോ ലഭിക്കുന്നതുവരെ ലേലം നിർത്തിവയ്ക്കുന്നതാണ്. എന്നിവരുടെ നിയമ പ്രതിനിധി (അറിയപ്പെടുന്നതോ അറിയാത്തതോ), എന്നിങ്ങിപ്പെടുന്നവർ, അവകാശികൾ/നിയമപരമായ അവകാശികൾ. എന്നിവരുടെ നിയമ പ്രതിനിധി (അറിയപ്പെടുന്നതോ അറിയാത്തതോ), എന്നിങ്ങിപ്പെടുന്നവർ, അവകാശികൾ/നിയമപരമായ അവകാശികൾ. PNB ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് (PNBHFL) നിലവ് സെക്യൂരിറ്റി ഇന്ററസ്റ്റ് www.pnbhousing.com നൽകിയിരിക്കുന്ന ലിങ്ക് പരിശോധിക്കുക www.pnbhousing.com .

ലോൺ നമ്പർ വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ഗ്യാരന്റിയുടെയും അറിയപ്പെടുന്ന അവകാശിയുടെ പേര് (എല്ലാ)	ആവശ്യപ്പെട്ട തുക & തീയതി (തുക)	രഹസ്യവില (ഇ-ലേലം)	ജാമ്യമായി നൽകിയ വസ്തുക്കളുടെ വിശദാംശങ്ങൾ (സ്വ)	റിസർവ് തുക (ആർപി) (തുക)	ഇംപ്രസ് തുക (ആർപിയുടെ 10%) (എംപി)	ഇഎംഡി നിക്ഷേപിക്കേണ്ട അവസാന തീയതി (തുക)	ബിഡ് വർധന തുക (എമ്പി)	ഇൻസ്പെക്ഷൻ തീയതി & സമയം (തുക)	ലേലത്തിന്റെ തീയതി & സമയം (ലേല)	അധികാരപ്പെടുത്തിയ ഓഫീസറുടെ പേര്, ഫോൺ നമ്പർ
HOU/TCR/0318/507762, ലിമി: തൃശൂർ, ലിസ്മാർ പ്രസിജൻ / ജിനു ലാൽ, ജോബ പ്രസിജൻ	Rs. 5932377.13 as on 08-04-2021	പിസിക്കൽ പേജിൽ	സർവേ നം 1059/2, 1061/2, പിണറായി വില്ലേജ്, തൃശൂർ താലൂക്ക്, പിണറായി, തൃശൂർ, കേരള സ്റ്റേ, 680601, ഇന്ത്യ	Rs. 5223000	Rs. 522300	11-09-2024	Rs. 20,000/-	28-08-2024 11AM to 5PM	12-09-2024 01Pm to 2 PM	ഇല്ല/ അറിയുന്നു
HOU/TCR/1117/453696, ലിമി: തൃശൂർ, ബൃന്ദിൽ നണ്ടി / ജുനൈ നണ്ടി, ഷെഫീക് നണ്ടി	Rs. 2364724.08 as on 20-01-2022	പിസിക്കൽ പേജിൽ	സർവ്വേ നം: 708/1പി, നെന്മണിക്കര വില്ലേജ്, കൊടുങ്ങശ്ശേരി താലൂക്ക്, തൃശൂർ, കേരളം, ഇന്ത്യ, 680301	Rs. 2428000	Rs. 242800	26-09-2024	Rs. 10,000/-	04-09-2024 11AM to 5 PM	27-09-2024 01Pm to 2 PM	ഇല്ല/ അറിയുന്നു
HOU/COC/0123/1071077, ലിമി: കൊച്ചി, പ്രസാദ് ജോൺ കെ / പ്രിൻ പ്രസാദ്	Rs. 1780522.00 as on 11-03-2024	പിസിക്കൽ പേജിൽ	റിസർവ്വ നം. 88/5/1, അയ്യങ്കാട് നം. 57, പെരിഞ്ഞനം വില്ലേജ്, തലപ്പിള്ളി താലൂക്ക്, തൃശൂർ, കേരളം - 680516	Rs. 1716000	Rs. 171600	26-09-2024	Rs. 10,000/-	04-09-2024 11AM to 5 PM	27-09-2024 01Pm to 2 PM	ഇല്ല/ അറിയുന്നു
HOU/COC/0917/432203, ലിമി: കൊച്ചി, ബിനുജ ഇ എം / ലക്ഷ്മി വി എച്ച്	Rs. 2425451.87 as on 09-05-2022	പിസിക്കൽ പേജിൽ	സർവ്വേ നം. 1082/4, ചാലക്കുടി താലൂക്ക്, വരന്തപ്പിള്ളി വില്ലേജ്, തൃശൂർ, കേരളം - 680303 പ്രകാരമുള്ള വസ്തുവിന്റെ സകലഭാഗങ്ങളും അതുമായ്പ്രകാരം അതിലുകൾ കിണർ- ഗേറ്റുകൾ, കെട്ടിടങ്ങളും മുറ്റങ്ങളുമടക്കം വസ്തു, വടക്ക്- ബാക്കി വസ്തു, തെക്ക്- ഹൈവേ, കിഴക്ക്- ഗ്രാമപ്രദേശം വസ്തു, പടിഞ്ഞാറ്- 3 മീറ്റർ വീതിയുള്ള സ്വകാര്യ റോഡ്	Rs. 2751000	Rs. 275100	26-09-2024	Rs. 10,000/-	04-09-2024 11AM to 5 PM	27-09-2024 01Pm to 2 PM	ഇല്ല/ അറിയുന്നു
HOU/TCR/0817/422565, ലിമി: തൃശൂർ, ഭാഗ്യലക്ഷ്മി എം / സുമിത പി നി	Rs. 2105081.35 as on 15-06-2022	പിസിക്കൽ പേജിൽ	സർവ്വേ നം. 103/5പി, പുത്തൂക്കര വില്ലേജ്, തൃശൂർ താലൂക്ക്, പുത്തൂക്കര, തൃശൂർ, കേരളം - 680014 പ്രകാരമുള്ള വസ്തുവിന്റെ സകലഭാഗങ്ങളും അതിലുകൾ കിണർ- ഗ്രീൻഹൗസ് ബൗണ്ടറിയ്ക്ക് വസ്തു, വടക്ക്- പഞ്ചായത്ത് റോഡ്, തെക്ക്- സ്വകാര്യവ്യക്തിയുടെ വസ്തു, പടിഞ്ഞാറ് 1 മീറ്റർ വീതിയുള്ള വഴി, അയ്യന്തോൾ പ്രകാരം	Rs. 2744000	Rs. 274400	26-09-2024	Rs. 10,000/-	04-09-2024 11AM to 5 PM	27-09-2024 01Pm to 2 PM	ഇല്ല/ അറിയുന്നു
NHL/TCR/0217/353513, ലിമി: തൃശൂർ, ധന്യ ബൈജു / ബൈജു വി എം.	Rs. 1674459.57 as on 09-05-2022	പിസിക്കൽ പേജിൽ	റിസർവ്വ നം. 186/18, കൈപ്പറമ്പ് വില്ലേജ്, തൃശൂർ താലൂക്ക്, തൃശൂർ, കേരളം - 680546 പ്രകാരമുള്ള 5.67 ആർ വസ്തുവിന്റെ സകലഭാഗങ്ങളും അതിലുകൾ വടക്ക്- കുഴത്തിങ്കലക്കുന്ന് വസ്തു, തെക്ക്- തുന്തിലാലിന്റെയും മുള്ളക്കലക്കലും വസ്തു, കിഴക്ക്- സതന്ത്ര വസ്തു, പടിഞ്ഞാറ്- പഞ്ചായത്ത് റോഡ്, അയ്യന്തോൾ പ്രകാരം	Rs. 3926000	Rs. 392600	26-09-2024	Rs. 10,000/-	04-09-2024 11AM to 5 PM	27-09-2024 01Pm to 2 PM	ഇല്ല/ അറിയുന്നു
NHL/TCR/0717/410884,NHL/TCR/0219/652929, ലിമി: തൃശൂർ, ധന്യ ബൈജു / ബൈജു വി എം.	Rs. 1674459.57 as on 09-05-2022	പിസിക്കൽ പേജിൽ	റിസർവ്വ നം. 186/18, കൈപ്പറമ്പ് വില്ലേജ്, തൃശൂർ താലൂക്ക്, തൃശൂർ, കേരളം - 680546, ഇന്ത്യ	Rs. 3926000	Rs. 392600	26-09-2024	Rs. 10,000/-	04-09-2024 11AM to 5 PM	27-09-2024 01Pm to 2 PM	ഇല്ല/ അറിയുന്നു
HOU/TCR/0816/312464, ലിമി: തൃശൂർ, ഗോകുലൻ എം / നിനി ടി എസ്	Rs. 12535765.24 as on 26-10-2021	പിസിക്കൽ പേജിൽ	സർവ്വേ നം. 1